പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 460

28.6.2011 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമം മുൻനിർത്തി പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ന്യൂനപക്ഷ ക്ഷേമം മുൻനിർത്തി പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദാംശം ലഭ്യമാകുമോ; | (എ) | ന്യൂനപക്ഷ ക്ഷേമം ലാക്കാക്കി നിലവിൽ നടപ്പാക്കുന്ന പദ്ധതികൾക്കു പുറമേ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് സൗജന്യ പരിശീലനം നല്കുന്നതിനായി മലപ്പുറം ജില്ലയിലെ വേങ്ങര, കാസർകോഡ് ജില്ലയിലെ കാസർകോഡ് എന്നിവിടങ്ങളിൽ പുതിയ കോച്ചിംഗ് സെന്ററുകളും സിവിൽ സർവ്വീസ് പരീക്ഷയ്ക്കായി കോഴിക്കോട് കേന്ദ്രീകരിച്ച് സിവിൽ സർവ്വീസ് അക്കാഡമിയും ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. തീര പ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് അനുയോജ്യമായ പ്രത്യേക പരിപാടികൾ ആവിഷ്ക്കരിക്കുന്ന വിഷയവും സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പല പദ്ധതികളും വിവിധ വകുപ്പുകളിലൂടെ നടപടി ലഭിക്കേണ്ടതായതിനാൽ, ഇതിന്റെ ബുദ്ധിമുട്ട് പരിഹരിക്കാൻ ഏക ജാലക സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ബി) | ന്യൂനപക്ഷ വിഭാഗങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫലപ്രദമായി നടപ്പാക്കുന്നതിന് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.